'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 891

10.06.2019 ൽ മറുപടിയ്ക്ക്

വനവിഭവങ്ങളുടെ വിപണനം

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും ,മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിന് വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി വനം വകുപ്പിന്റെ കീഴിൽ രണ്ടു മൊബൈൽ യൂണിറ്റുൾപ്പെടെ 37 വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വനാശ്രിതർ വനത്തിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ വനസംരക്ഷണ സമിതികൾ മുഖേന ശേഖരിച്ച് വനശ്രീ വഴി പൊതുജനങ്ങൾക്ക് വനവിഭവങ്ങൾ അനായാസം ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്. കൂടാതെ വനവിഭവങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിലൂടെ വനം വകുപ്പിന് ലഭിക്കുന്ന പ്രതിവർഷ വരുമാനം കണക്കാക്കിയിട്ടുണ്ടോ; ഈ സർക്കാറിന്റെ കാലയളവിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | വനശ്രീ ഇക്കോഷോപ്പകളുടെ വരുമാനം വനം വകുപ്പിന് ലഭിക്കുന്നില്ല. അതാത് വന സംരക്ഷണ സമിതികളാണ് വനശ്രീ ഇക്കോഷോപ്പകളുടെ വരുമാനം വനംവകുപ്പിന്റെ മേൽനോട്ടത്തിൽ കൈകാര്യം ചെയ്യുന്നത്. വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായാണ് ഈ തുക വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ